## പ്രത്യേക അപേക്ഷകൾ

പ. (ഒരു പ്രാർത്ഥന)

ജ. ആമേൻ .

(ശുശ്രൂഷകൻ താഴെയുള്ള ആറു അപേക്ഷകളോ. അതിനു പകരമായി പട്ടക്കാരൻ വേറെ അപേക്ഷകളോ ചൊല്ലുമ്പോൾ ശുശ്രൂഷകനും ജനവും അപേക്ഷകളുടെ അവസാനത്തിൽ കുറിയേലായിസ്സോൻ എന്നു ചൊല്ലണം)

ശു. കർത്താവേ, നാലുഭാഗങ്ങളിലുമുള്ള വിശുദ്ധ സഭയെ മേയിച്ച് ഭരിക്കുന്നവരായ സകല മേൽപട്ടക്കാരെയും, ഇന്ന് ഞങ്ങളെ ഭരിക്കുന്ന ഞങ്ങളുടെ പിതാവായ തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്തായെയും ഞങ്ങളുമായി സംസർഗ്ഗത്തിലുള്ള തെന്നിന്ത്യാ, ഉത്തരേന്ത്യാ സഭകളുടെ മോഡറേറ്റർമാരെയും ഞങ്ങളുടെ പിതാക്കന്മാരായ യുയാക്കിം മാർ കൂറിലോസ്, ജോസഫ് മാർ ബർന്നബാസ് എന്നീ സഫ്രഗൻ മെത്രാപ്പോലീത്താമാരേയും തോമസ് മാർ തിമൊഥയോസ്, ഐസക് മാർ ഫീലക്സിനോസ്, ഏബ്രഹാം മാർ പൗലോസ്, മാത്യൂസ് മാർ മക്കാറിയോസ്,ഗ്രിഗോറിയോസ് മാർ സ്തേപ്പാനോസ്, തോമസ് മാർ തീത്തോസ്, സഖറിയാസ് മാർ അപ്രേം, ജോസഫ് മാർ ഇവനിയോസ്, മാത്യൂസ് മാർ സെറാഫിം എന്നീ എപ്പിസ്കോപ്പാമാരെയും, കശ്ശീശന്മാർ, ശെമ്മാശൻമാർ മുതലായി പട്ടത്വത്തിനടുത്ത എല്ലാവരെയും സന്ന്യസ്തർ, സുവിശേഷകർ എന്നിവരെയും കരുണയോടെ ഓർക്കണമേ. നിന്റെ വിശുദ്ധ റൂഹായുടെ ദാനങ്ങൾ അവർക്ക് കൊടുത്ത് അവരെ നിന്റെ തോട്ടത്തിൽ വിശ്വസ്തതയോടെ വേലചെയ്യുന്നവരാക്കിത്തീർക്കണമേ.

ജ കുറിയേ ലായിസ്സോൻ.